# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1261 31.10.2019 ൽ മറുപടിക്ക്**

**മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) 2018-19, 2019-20 വർഷങ്ങളിലെ ബജറ്റുകളിൽ ടോക്കൺ പ്രൊവിഷനായി വന്നിട്ടുള്ള മലപ്പുറം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളും കെട്ടിടങ്ങളും തരംതിരിച്ച് വെളിപ്പെടുത്താമോ;

ബി) ഇവയിൽ എത്ര പ്രവൃത്തികൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതെന്നും ഭരണാനുമതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

സി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വെളിപ്പെടുത്താമോ?

എ) ബി) & സി) നിരത്തു വിഭാഗത്തിനു കീഴിൽ 2018-19 വർഷങ്ങളിലെ ബജറ്റിൽ ടോക്കൺ പ്രൊവിഷൻ വന്നിട്ടുള്ള മലപ്പുറം മണ്ഡലത്തിലെ റോഡുകൾ.

1. പാണായി - പെരിമ്പലം -ആനക്കയം റോഡ്
2. ഉമ്മത്തൂർ - പാലം ലിങ്ക് റോഡ്
3. പാലക്കാട് - മോങ്ങം റോഡ്
4. കോട്ടപ്പടി ബൈപ്പാസ് റോഡ്
5. ചെളൂർ - ചാപ്പനങ്ങാടി റോഡ്
6. പാറമ്മൽ - പറങ്കി മൂച്ചിക്കൽ റോഡ്
7. അത്താണിക്കൽ - വെള്ളൂർ - ആലക്കാട് - തടപറമ്പ് റോഡ്
8. മൊറയൂർ - അരിമ്പ്ര - പൂക്കോട്ടൂർ റോഡ്
9. അരിമ്പ്ര - മുസ്ല്യാരങ്ങാടി റോഡ്
10. മുണ്ടുപറമ്പ് - ചെന്നത്ത് - മാരിയാട് റോഡ്
11. ഇരുമ്പുഴി -മേൽമുറി റോഡ്
12. മുള്ളമ്പാറ - കോണിക്കല്ല് - ഇരുമ്പുഴി റോഡ്

<u>2019-20 ടോക്കൺ പ്രൊവിഷൻ ഉള്ളത്</u>

1. പാറമ്മൽ - പറങ്കിമൂച്ചിക്കൽ റോഡ്
2. ചേളൂർ - ചാപ്പനങ്ങാടി റോഡ്
3. അത്താണിക്കൽ - വെള്ളൂർ - ആലക്കാട് - തടപറമ്പ് റോഡ്
4. മൊറയൂർ - അരിമ്പ്ര - പൂക്കോട്ടൂർ റോഡ്

പാറമ്മൽ - പറങ്കി മൂച്ചിക്കൽ റോഡ്, ചേളൂർ-ചാപ്പനങ്ങാടി റോഡ്, അത്താണിക്കൽ - വെള്ളൂർ - ആലക്കാട് - തടപറമ്പ് റോഡ്, മൊറയൂർ - അരിമ്പ്ര - പൂക്കോട്ടൂർ റോഡ് എന്നിവയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ടോക്കൺ പ്രൊവിഷനിൽ അംഗീകാരം കിട്ടിയ കോട്ടപ്പടി ബൈപ്പാസ് റോഡ് ബി.എം & ബി.സി ചെയ്ത് നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായുള്ള ഡ്രെയിനേജ് പ്രവൃത്തി പുരോഗമിച്ച് വരികയാണ്.

കെട്ടിട വിഭാഗത്തിനു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

| | |
|---|---|
| എ) | 1. പാണക്കാട് റെസ്റ്റ് ഹൗസ് നിർമ്മാണം<br>2. മലപ്പുറം ഗവ. വനിത കോളേജിന് കെട്ടിടനിർമ്മാണം<br>3. മലപ്പുറം ഗവ. ടി.ടി.ഐ. കെട്ടിടനിർമ്മാണം<br>4. മലപ്പുറം ക്യാൻസർ സെന്ററിന് സ്ഥലമെടുപ്പും കെട്ടിടനിർമ്മാണവും<br>5. മലപ്പുറം കുടുംബ കോടതിയ്ക്ക് കെട്ടിടനിർമ്മാണം<br>6. മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് കെട്ടിടനിർമ്മാണം<br>7. മലപ്പുറം ഐ.എച്ച്.ആർ.ഡി. കൊളേജ് ഓഫ് അപ്ലൈഡ് സയൻസിന് കെട്ടിടനിർമ്മാണം<br>8. ജി.എച്ച്.എസ്.എസ്. ഇരുമ്പുഴിക്ക് കെട്ടിടനിർമ്മാണം<br>9. ജി.വി.എച്ച്.എസ്.എസ്. ന് കെട്ടിടനിർമ്മാണം<br>10. മലപ്പുറം ബ്ലോക്ക് ഓഫീസിന് കെട്ടിടനിർമ്മാണം<br>11. ജി.എം.എൽ.പി.എസിന് പെരിങ്ങോട്ട്പുലത്തിന് കെട്ടിടനിർമ്മാണം<br>12. ഊരകം ഹോമിയോ ആശുപത്രിയ്ക്ക് കെട്ടിടനിർമ്മാണം<br>13. ഒതുക്കുങ്ങൽ പി.എച്ച്.സി. കെട്ടിടനിർമ്മാണം<br>14. ഒതുക്കുങ്ങൽ ബ്ലോക്ക് പി.എച്ച്.സി. കെട്ടിടനിർമ്മാണം<br>15. പൂക്കോട്ടൂർ ബ്ലോക്ക് പി.എച്ച്.സി. കെട്ടിടനിർമ്മാണം<br>16. കോടൂർ പഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറി കെട്ടിടനിർമ്മാണം<br>17. കോടൂർ പഞ്ചായത്ത് ആയുർവേദ ഡിസ്പെൻസറി കെട്ടിടനിർമ്മാണം<br>18. ജി.എം.എൽ.പി.എസ്. ഇരുമ്പുഴി കെട്ടിടനിർമ്മാണം<br>19. ജി.എം.എൽ.പി.എസ്. പൂക്കോട്ടൂരിന് കെട്ടിടനിർമ്മാണം |
| ബി) | എസ്റ്റിമേറ്റ് തയ്യാറാക്കിയത് ക്രമനമ്പർ 3, 4, 8, 11 എന്നീ പ്രവൃത്തികൾക്ക്. ഭരണാനുമതി ലഭ്യമായത് ക്രമനമ്പർ 11-ലെ പ്രവൃത്തിക്ക് |
| സി) | ക്രമനമ്പർ 1, 2, 5, 6, 7, 9, 10, 12 മുതൽ 19 വരെ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ക്രമ നമ്പർ 3, 4, 8 എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ~~യിട്ടുണ്ട്~~ വരുന്നു. ക്രമനമ്പർ 4-ലെ പ്രവൃത്തിക്ക് ആർക്കിടെക്ചറൽ ഡ്രായിംഗ്ന് ആയി സമർപ്പിച്ചിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ